പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3736 | 30.01.2014 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.-യിൽ ഉപയോഗിച്ച ഇന്ധനത്തിന്റെ അളവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2013 ജനുവരി മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി-യിലെ സർവ്വീസ് ബസുകളിലും, മറ്റ് ഓഫീസ് ഉപയോഗത്തിനുള്ള വാഹനങ്ങളിലും ഉപയോഗിച്ച ഡീസൽ / പെട്രോൾ എന്നിവയുടെ കണക്ക് പ്രത്യേകം വ്യക്തമാക്കുമോ ; ഇതിൽ കെ.എസ്.ആർ.ടി.സി കേന്ദ്ര ഓഫീസിലേത് പ്രത്യേകം ലഭ്യമാക്കുമോ ; | (എ) | 2013 ജനുവരി മുതൽ 2013 ഡിസംബർ 31 വരെ കെ.എസ്.ആർ.ടി.സി.യിലെ സർവീസ് ബസുകൾക്ക് 14,64,37,629 ലിറ്റർ ഡീസലും മറ്റ് ഓഫീസ് ഉപയോഗത്തിലുള്ള വാഹനങ്ങളിൽ ഡിപ്പോ / വർക്ക്ഷോപ്പ് വാൻ, ടാങ്കർ ട്രക്ക് എന്നിവയ്ക്ക് 4,84,650 ലിറ്റർ ഡീസലും മറ്റു ചെറു വാഹനങ്ങൾക്ക് 86,297 ലിറ്റർ ഡീസലും 132.74 ലിറ്റർ പെട്രോളും ഉപയോഗിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി കേന്ദ്ര ഓഫീസ് ഉപയോഗത്തിലുള്ള വാഹനങ്ങൾക്ക് 2013 ജനുവരി മുതൽ 2013 ഡിസംബർ വരെ 25157 ലിറ്റർ ഡീസലും 132.74 ലിറ്റർ പെട്രോളും ഉപയോഗിച്ചു. |
| (ബി) | യാത്രക്കാരെ വഹിച്ചുകൊണ്ടു പോകുന്ന വാഹനങ്ങൾ ഒഴികെയുള്ളവയിൽ ഏറ്റവും കൂടുതൽ ഇന്ധനം ഉപയോഗിച്ചത് ഏത് വാഹനത്തിലാണ് ; പ്രസ്തുത വാഹനത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ ? | (ബി) | യാത്രക്കാരെ വഹിച്ചുകൊണ്ട് പോകുന്ന വാഹനങ്ങൾ ഒഴികെയുള്ളവയിൽ പ്രസ്തുത കാലയളവിൽ ഏറ്റവും കൂടുതൽ ഡീസൽ ഉപയോഗിച്ചത് ടാങ്കർ ട്രക്ക് നമ്പർ TT8 ആണ്. (18597 ലിറ്റർ ഡീസൽ) |

സെക്ഷൻ ഓഫീസർ